"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കിഫ്ബി - അരീക്കോട് താലൂക്ക് ആശുപത്രി വികസനം - ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.1824/2025/H&FWD തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:-

1) സ.ഉ (സാധാ)നം.3052/2024/ആകുവ തീയതി 16.12.2024.
2) റവന്യൂ (ബി) വകുപ്പിന്റെ 31.12.2024 തീയതിയിലെ റവ.ബി2/183/2023/റവ നമ്പർ സർക്കുലർ.
3) ബഹു.ഏറനാട് എം.എൽ.എ ശ്രീ.പി.കെ ബഷീർ -ന്റെ 09.05.2025 തീയതിയിലെ കത്ത്.
4) സ.ഉ (കൈ)നം.189/2024/റവ തീയതി 27.06.2025.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 2,70,00,000/- രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ചും ബാക്കി ആവശ്യമായ തുക മറ്റേതെങ്കിലും അനുയോജ്യമായ ഫണ്ട് ഉപയോഗിച്ചും ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പരാമർശം (2) ലെ സർക്കുലറിലെ ക്ലോസ് 6 (i) പ്രകാരം അടിയന്തിരവും പൊതുതാല്പര്യവുമുള്ള സാഹചര്യങ്ങളിൽ 1872 ലെ ഇന്ത്യൻ കോൺട്രാക്ട് ആക്ട് പ്രകാരം ചർച്ചകളിലൂടെ കരാറിലേർപ്പെട്ട് ഭൂമി വാങ്ങിക്കുവാൻ കഴിയുമെന്നതിനാൽ പ്രസ്തുത ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം ബഹു. ഏറനാട് എം.എൽ.എ അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 2,70,00,000/- രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ചും ബാക്കി ആവശ്യമായ തുക മറ്റേതെങ്കിലും അനുയോജ്യമായ ഫണ്ട്

ഉപയോഗിച്ചും ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയ പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക (2)- ലെ അവസാന വാക്യത്തിന് ശേഷം ''നോഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്'' എന്ന് കൂടി ചേർത്ത് പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) മേൽ ഭേദഗതിയോടെ പരാമർശം (1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUBHASH R

ADDITIONAL SECRETARY

ശ്രീ.പി.കെ ബഷീർ, ബഹു. എം.എൽ.എ (ഏറനാട്) (with C/L)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
റീജിയണൽ മാനേജർ, വാപ്കോസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്
റവന്യൂ (ബി) വകുപ്പ് (REV-B2/14/2025-REV dated 08.03.2025)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P1/104/2020-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 02-07-2025 17:48:52

സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്